# അതിജീവനം

# DIGITAL MAGAZINE



*MUMVHSS VADAKARA*

# അതിജീവനം

# little KITEs

# e-Magazine



## CHIEF EDITORS

| | | |
|---|---|---|
|  |  |  |
| NIHAD.T | NASMAL | RASHID.V |

# EDITORIAL BOARD

| | | | | |
|---|---|---|---|---|
| **FINAS** | **SAIFALI.K.P** | **AYISHA SHEBIN** | **SHERIN D** | **SHAFANA** |
| **JASMINA** | **AYISHA SUBAIR** | **NAJI** | **ADHIL.P.P** | **SAMROODH** |
| **SHAHIN** | **MINHHA** | **SAHOOD P.P** | **ZANHA** | **ASLAM.M** |
| **NOUSHIBA** | **MUHAMMAD SHEES** | **MOHAMMED ADNAN** | **SHAISTHA** | **IRFAN** |

# <u>മുൻമൊഴി....</u>


**നന്മയുടെ, സൗഹൃദങ്ങളുടെ, പിന്നെ വിദ്യാലയ സ്മരണകളുടെ ചേർത്തു വെക്കലുകളാണ് ഇവിടെ...**
**ചിന്തകളും ഭാവനയും സൂക്ഷിച്ചവരും കാലത്തിന്റെ കൈയ്യൊപ്പുമാണ് ഈ നിറക്കൂട്ട്...**
**നൂതനാവിഷ്കാരങ്ങളുടെ മറ്റൊരു അക്ഷരസമാഹാരം ഇവിടെ പിറവിയെടുക്കുന്നു.. ഞങ്ങളുടെ, ആശയങ്ങൾ,ചിന്തകൾ, നിറമുള്ള സ്വപ്നങ്ങൾ, അസ്വസ്ഥതകൾ,എല്ലാം വരും താളുകളിൽ ചാലിച്ചിട്ടുണ്ട്.**
**സ്നേഹത്തിന്റെയും പങ്കുവെയ്ക്കലിന്റെയും ഈ അക്ഷരദീപം ഞങ്ങൾ നിങ്ങളിലേക്ക് പകരുന്നു...**

**സ്വീകരിക്കുക**



## ആശംസ

എം.യു.എം ഹൈസ്കൂളിലെ 'ലിറ്റിൽ കൈറ്റ്സ്' വിദ്യാർത്ഥികൾ പുറത്തിറക്കുന്ന ഡിജിറ്റൽ മാഗസിൻ" അതിജീവനം" ത്തിന് എല്ലാ വിധ ആശംസകളും നേരുന്നു.പിന്നിൽ പ്രവർത്തിച്ച അധ്യാപകർക്കും, വിദ്യാർത്ഥികൾക്കും എല്ലാ ഭാവുകങ്ങളും നേരുന്നു



എൻ.ടി. മൂസ്സക്കുട്ടി

(പ്രിൻസിപാൾ)



അഷ്റഫ്.കെ

(സ്റ്റാഫ് സെക്രട്ടറി)



അമ്മദ് ഹാജി

(പി.ടി.എ പ്രസിഡന്റ്)

## ഉള്ളടക്കം

ഒരുദേശപ്പെരുമ.......7
സ്കൂൾ മനേജ്മെന്റ്.......9
.......10
നമുക്കൊരുമിച്ചിരിക്കാൻ.......10
.......11
.......11
ഒരു മരണം.......11
.......12
കേരളം കൈകോർത്ത പ്രളയം.......12
ഉണരുന്ന യൗവ്വനം.......13
INNOVATIVE WAYS TO BE ADOPTED IN.......14
ENGLISH CLASS ROOM.......14
.......15
പ്രളയത്തിനക്കരെ.......15
പുസ്തകത്താളുകൾ പോലെ മറഞ്ഞുപ്പോയ കാലം.......16
.......17
സുഹൃത്ത് ബന്ധം.......17
.......18
വലിച്ചെറിയപ്പെടുന്നവർ.......18
.......19
പേമാരി.......19
.......20
അടരാത്ത വേരുകളെ.......20
ടീനേജ്.......21
.......22
.......23
എല്ല് മുറിയെ പണിചെയ്താൽ.......23
അസ്തമയം.......24
.......24
പ്രളയം കവർന്ന നാട്.......25
പ്രളയത്തിൽ പൊങ്ങിയ പ്രണയം.......26
വിക്രൂവും ദുർബലനും.......27
ഒരുമയുടെ കുടക്കീഴിൽ.......28
.......28
സ്വാതന്ത്ര്യദിനാഘോശങ്ങൾ.......29
.......29
സഹവാസ ക്യാമ്പ്.......30
.......31
ശിശു ദിനം.......31
.......31
.......31
.......31
ക്ലാസ്സ് ലൈബ്രറി.......32
.......32
കായികോത്സവം.......33
.......33
കേരള പിറവി ദിനം.......34
.......34
.......34
ലിറ്റിൽ കൈറ്റ്സ് സബ് ജില്ലയിൽ.......35
പങ്കെടുത്തവർ.......35
ലഹരിക്കെതിരെ.......36
ക്രിസ്തുമസ് ആഘോഷങ്ങൾ.......37
.......37
ലിറ്റിൽ കൈറ്റ്സ് സബ് ജില്ല ക്യാമ്പിൽപങ്കെടുത്തവർ.37
.......37
സമൂഹ്യശാസ്ത്രമേളയിൽ സംസ്ഥാനവിജയികൾ.......38
.......38
.......38
.......38
.......39
*കേരള ക്രിക്കറ്റ് അസോസിയേഷൻ.......39*
കോഴിക്കോട് ജില്ല രണ്ടാം സ്ഥാനം.......39
.......40
പട്ടം പോലെ പറക്കട്ടെ.......40
.......40
സംഗീതത്തിലെ ദറജപ്പൂ.......41
സഹസ്രാബ്ദങ്ങൾ പിന്നിടുന്ന.......44
.......46
THANK YOU GOD.......47
A JOURNEY THROUGH THE SEA.......48
Little KITE MEMBERS.......49
.......49
*നന്ദി പൂർവ്വം.......50*

# ഒരുദേശപെരുമ

നീണ്ട്കിടക്കുന്ന റെയിൽ പാളങ്ങൾക്കിപ്പുറത്ത് ഒരു ദേശം അടയാളപ്പെടുത്തുകയാണ്. അത്തറിന്റെ മണമുള്ള കഥകൾ ഒരുപാട് പറയാനുണ്ട് താഴെഅങ്ങാടിക്ക്. ആർത്തിരമ്പുന്ന തിരമാലകളോട്മല്ലിട്ട് കച്ചവടവും കയറ്റുമതിയുംകെട്ടിപടുത്ത
വീരഗാഥകൾ



.തുറമുകനഗരമായവടകരയുടെവാണിജ്യകേന്ദ്രമായിരുന്ന താഴെഅങ്ങാടി.ഈ ദേശത്തെ ചുറ്റിപറ്റി ഒരുവ്യവസായക,കേന്ദ്രം തന്നെ വളർന്ന് വന്നതായി ചരിത്രരേഖകൾ സാക്ഷ്യം വഹിക്കുന്നു. കയർഫാക്ടറികൾ ,ഓയിൽമില്ലുകള,കുരുമുളക,സംഭരണകേന്ദ്രങ്ങൾ ,കാലിക്കിപണന കേന്ദ്രങ്ങൾ,ഉപ്പ് സംഭരണഗോഡൗണുകൾ എന്നിവ ഇതിന്റ ശേഷിപ്പുകളാണ്. കച്ചവടക്കാരാൽവീർപ്പുമുട്ടുന്ന പാതകൾ അന്ന്താഴെങ്ങാടിയുടെ സ്വകാര്യ അഹങ്കാരമായിരുന്നു. അതിന്റെ തിരുശേഷിപ്പുകളായി കടൽപാലവും പോർട്ട്ഓഫീസുംഇന്നും നിലകൊള്ളുന്നു. താഴെഅങ്ങാടിയിലെ മഖാമുകൾ വലിയൊരുകാന്തകല്ലിനെപ്പോലെഅവരെ അവിടേയ്ക്ക് വിളിച്ചുകൊണ്ടിരിക്കുന്നു. തങ്ങളുടെ ജീവിതഭാരം ഇറക്കിവെക്കാനും ആശ്വാസം കണ്ടെത്താനും ഇന്നുംമഖാമിലേക്ക് നേർച്ചകളുമായി ഭക്തജനങ്ങൾ എത്തികൊണ്ടിരിക്കുന്നു. ചെറുസീതിതങ്ങളും മഷൂർമുല്ലകോഴതങ്ങളുംതാഴെഅങ്ങാടിയുടെ മനസ്സിൽ ഇന്നുംഒളിമങ്ങാത്ത ഓർമകളായി ജ്വലിച്ച്കൊണ്ടിരിക്കുന്നു.ഉറക്കെയുള്ളപ്രാർത്തനകളും ഖുർആൻ പാരാണം കൊണ്ടും മുഖരിതമാണ്താഴെഅങ്ങാടിയിലെമഖാമുകൾ. മുതുകിൽജീവിത ഭാരവുംഹൃദയത്തിൽ സംഗീതവും നിറച്ച സാധാരണ മനുഷ്യരെ നമുക്കിവിടെകാണാം പാട്ടിൽകവിതലയിപ്പിച്ച പി.ടി ഓത്തുപള്ളിയുംമരുഭ്രതണപ്പിച്ച കാറ്റുംഅടക്കം ഒട്ടനവധി ഗാനങ്ങൾ ശ്രോതാക്കൾക്ക് പകർന്ന്നൽകി. തബലയുംഹാർമോണിയവും നരഞ്ഞുപൊന്തുന്ന പാട്ടുമക്കാനയിൽ ഗസലുകൾ പൂത്തുകൊണ്ടിരുന്നു.താഴെഅങ്ങാടിയുടെതെരുവുഗസൽ സാന്ദ്രമാക്കിക്കൊണ്ട് ഒറ്റമരക്കോണികൾ

ഇറങ്ങിവന്നു;റാഫിയുംതലത്തുംഖുലാം

അലിയുംമെഹ്ദിഹസനം......ഇങ്ങേതലയ്ക്കൽമുജാബിയും.



ആകാശവാണിയിലൂടെ പാട്ടിന്റെശീലുകൾ

നെയ്തഎം.കുഞ്ഞിമുസയുടെയും വേരുകൾ

താഴെ അങ്ങാടിയിൽ നിന്ന് കണ്ടെടുക്കാം .

മാപ്പിളപ്പാട്ടിന്റെ പിൻതലമുറക്കാർഇന്നുംനിലനിർത്തിപ്പോരുന്നു

അറിവിന്റെഗ്നി പകർന്ന് നൽകി മനാറുൽഇസ്ലാം സഭ  അതിന്റെ കർമ്മപഥത്തിൽ മുന്നേറുന്ന കാഴ്ചസാക്ഷ്യം നമുക്കിവിടെകാണാം. മൊഞ്ചുള്ളമണവാട്ടിമാരുടെയുംമൈലാഞ്ചികല്ല്യാണത്തിന്റെയും ഈരടികൾക്കിടയിൽപുതിയാപ്ലസൽക്കാരവും അപ്പത്തരങ്ങളുംതാഴെഅങ്ങാടിയുടെ മികവുകളാണ്.നാലുകെട്ടിനെ അനുസ്മരിപ്പിക്കുന്ന ശിൽപഭംഗിയിൽവിരാജിച്ച അങ്ങാടിയിലെ തറവാടുകൾ കൂട്ടുകുടുംബത്തിൽ നിന്ന്അണുകുടുംബങ്ങളിലേയ്ക്ക് വഴിമാറുന്ന കാഴ്ചയാണ് നാം കാണുന്നത് . പ്രതാപകാലത്തെ വ്യവസായിക പാരമ്പര്യത്തിൽ നിന്ന് ഇന്ന്അങ്ങാടിയെ സമ്പന്നമാക്കുന്നത് ആന്റിക്ശേഖരങ്ങളുടെകലവറയാണ്.വിദൂരദിക്കുകളിൽ നിന്നും പോലുംആന്റിക്ഉൽപന്നങ്ങൾ തേടിആളുകൾ താഴെഅങ്ങാടിയിൽഎത്തി ക്കൊണ്ടിരിക്കുന്നു.അസ്തമയസൂര്യന്റെരശ്മികളേറ്റ്മയങ്ങുന്ന സാന്റ്ബാങ്കസും,അഴിത്തലയും താഴെഅങ്ങാടിയുടെ ഈടുവെയ്പ്പുകളാണ്. ഒട്ടേറെസിനിമ പ്രവർത്തകരുടെ പാദസ്പർശമേറ്റ ആ മണൽത്തരികൾ ഇന്നും ആ കഥകൾ നെഞ്ചോട് ചേർക്കുന്നു. ഒട്ടനവധി പള്ളിമുറ്റങ്ങളും മദ്രസാങ്കണങ്ങളുംകാവലിരിക്കുന്നതാഴെഅങ്ങാടിയിൽവലിയജൂമാഅത്ത്പള്ളിതലയെടുപ്പോടെ ആനച്ചന്തം പേറി നിൽക്കുന്നു.താഴെഅങ്ങാടിയിൽ വരുന്നവരാരുംവിശന്ന വയറുമായി തിരിച്ചു പോവില്ല എന്നതിന്റെ അടയാളങ്ങളാണ്അത്താഴ കമ്മിറ്റിയും റിലീഫ്കേന്ദ്രങ്ങളും. ഒരാൽ മരം പോലെ പടർന്ന് പന്തലിച്ച് നിൽക്കുന്ന തണൽ അഗതിമന്ദിരംതാഴെഅങ്ങാടിക്ക് പൊൻതൂവൽ ചാർത്തുന്നു. അർഥഗർഭമായ മൗനം വഹിച്ചുകൊണ്ടആഴക്കടലിൽമുങ്ങിക്കിടക്കുന്ന മുത്തുകൾ പോലെഒരുദേശത്തിന്റെചരിത്രം പ്രദേശവാസികളുടെ മനസ്സിന്റെ ആഴങ്ങളിൽ പ്രകാശം പരത്തി നിൽക്കുന്നു വെറുപ്പിന്റെയും വിദ്വേഷത്തിന്റെയും വിഷപുഷ്പങ്ങൾ വളരുന്ന ഈ കാലത്തും സാഹോദര്യത്തിന്റെയും സർവ്വമതസ്നേഹത്തിന്റെയും കിരീടം ചൂടിനിൽക്കാൻ എന്നും താഴെഅങ്ങാടിക്ക് സാധിച്ചിട്ടുണ്ട്

## സ്കൂൾ മാനേജ്മെന്റ്

1927 ൽ ആണ് സ്കൂൾ ആരംഭിച്ചത്, ജനാബ് സീതി സാഹിബ്, പോക്കർ സാഹിബ് എന്നിവരുടെ പ്രചോദനം ഉൾകൊണ്ട് വടകരയിലെ പ്രമുഖ മുസ്ലിം പണ്ഡിതൻമാർ മുൻകൈ എടുത്ത് നിർമ്മിച്ചതാണ് ഈ സ്കൂൾ. ഇപ്പോൾ എം. ഐ. സഭയാണ് സ്കൂൾ ഭരണം നിർവഹിക്കുന്നത്.



മാനേജർ

പ്രൊഫ:കെ.കെ.മഹമ്മൂദ്

## നമുക്കൊരുമിച്ചിരിക്കാൻ

മുന്നെ പറഞ്ഞവർ അരുതെന്ന കൊല്ലുവാൻ
മനസ്സിൽ വിഷപ്പുഴ ഒഴുകിയ വർഗ്ഗമേ...
കെട്ടിപ്പിടിച്ചും തട്ടിപ്പറിച്ചും ഭൂമിയെ സ്വന്ത-
മാക്കിയ വിഡ്ഢികൾ...
തൈകൾ പറിച്ചും മരങ്ങൾ വെട്ടിയും
ഭൂമി നിരത്തി പട്ടണം പണിതവർ
പക്ഷേ ...
പൊറുത്തു നമ്മോടവൾ...
രക്തത്തെയാരും കൊല്ലുകയില്ലല്ലോ...!
അഹങ്കാരിയാമിവർ തുടർന്നവർ ചെയത്തികൾ...
പ്രകൃതിയമ്മ സഹിക്കെട്ട്...
ശാസിച്ചു...
അന്ന കണ്ടവർ തൻ മക്കളോടൊരുമയും
സ്നേഹം നിറഞ്ഞൊഴുകുന്ന ചിത്തങ്ങളും...!
ജാതി പറഞ്ഞ് അകറ്റിനിർത്തിയില്ല...
മതമെന്ന ചൊല്ലി തർക്കിച്ചില്ലവർ
ഒരു മുറിയിൽ ഒരമ്മ പെറ്റമക്കളായ്
കഴിഞ്ഞ ദിനം ശുഭം..!



# ഒരു മരണം

തണുത്തുറഞ്ഞ മഞ്ഞിന്റെ ധ്രുവകണങ്ങളുടെ മൃദുവായി
പുതപ്പ് മൂടികൊണ്ട് കിടക്കുന്ന
അരുമയാം കെട്ടിടങ്ങൾ
ധ്രുവകണങ്ങളാൽ മൂടിനിൽക്കെ
ഇരു വശത്തെയും മരങ്ങളുടെ
തലയിൽ വീഴുന്ന ധ്രുവങ്ങൾ
ഇളം വെയിൽ കൊണ്ട് ഉരുകി
പോകുന്നതിന് മുമ്പ് അവർ
സാക്ഷിയാവുകയാണ്
അനാഥമായി മഞ്ഞ് മൂടിക്കിടക്കുന്ന
ഈ വഴികളും സാക്ഷിയാവാൻ
പോവുകയാണ്
ഒരു പ്രധാന സംഭവത്തിന്
ധ്രുവ കണികകൾ പൂച്ചയെപ്പോലെ
നിശബ്ദമായി മേലേക്ക് പോകുന്നതിന്
മുമ്പ് പെട്ടന്നത് സംഭവിച്ചു
അതിന് അവർ എല്ലാവരും സാക്ഷിയായി
അതെ അത് സംഭവിച്ചു
ഒരു പൂവിന്റെ മരണം !

NIMRA MARIYAM

vii



# കേരളം കൈകോർത്ത  പ്രളയം

മഴ വെള്ളപ്പാച്ചലിൻെ വേഗതയേറിയ ഒഴുക്കിൽ വനചിത്രത്തിൽ ആഴ്ന്നിറങ്ങിയ മതഭേദങ്ങൾ ഒലിച്ചു പോയി
ഒരുമിച്ച് കൈ കോർത്തവൾ ജീവൻ്റെ ഉൾവലം വലിച്ചു കെട്ടാൻ
കാണാത്ത കാഴ്ച്ചകൾ......തോരമഴയുടെ സ്പർശനാദം...തോരാത്തകണ്ണു നീർ.....തീരാത്ത നഷ്ടങ്ങൾ.....എങ്ങും കേരളം ഒരു ഉറക്കം കെടുത്തിയായ്.....ഒരു പ്രളയ ദിനത്തിനായ് കാത്തിരിക്കേണ്ടി വന്നു കേരളീയ കരങ്ങൾ കോർത്തെടുക്കാൻ...കേരളീയം നൊമ്പരം അവർ തന്നെ കണ്ടു ...
അവർ തന്നെ ശ്രമിച്ചു....ദൈവത്തിനു മുന്നിലെന്ന പോലെ ഒരു പിൻളുക്കവുമില്ലാതെ നിന്നവർ...
അമ്പല നടയെന്നോ പള്ളിമുറ്റമെന്നായില്ലാതെ തൻ്റെ ലോകനാദന്ന് മുന്നിൽ ജനിച്ചു കൈ കൂപ്പിയവർ എൻ്റെയെന്നോ...നിൻ്റെയെന്നോ ഇല്ലാതെ ഒരു ശക്തിക്കും തകർക്കുവാനാകാത്ത കൈ കെട്ടുകൾ പണിതവർ
ദൈവത്തിൻെ ഉദാത്ത സൃഷ്ടികളായി മാറി പ്രളയമെന്ന കെടുതി പോലും തിരികെ പോയ്........ആ കോർത്ത കരങ്ങൾക്കിടയിലൂയെ
ദൈവമെ...നിനക്ക് സ്തുതി............
സ്തുതിയുടെ ഒരായിരം പുഷ്പ്ങൾ അർപ്പിക്കുന്നു.



# ഉണരുന്ന യൗവ്വനം

നമുക്കറിയാം, എല്ലാ സമൂഹവും ആഗ്രഹിക്കുന്നത് നല്ല യൗവ്വനക്കാരെയാണ് കാരണം, അവരാണ് നാളത്തെ സമൂഹത്തെ നയിക്കേണ്ടത് എന്നാൽ എല്ലാ മുതിർന്നവരും യൗവ്വനക്കാരെ ശകാരിക്കുകയാണ്. ശകാരിച്ചാൽ അവർ പിഴച്ച പോകുകയെ ചെയ്യൂ. അവർക്ക് മനസ്സിലാക്കി കൊടുക്കുകയാണ് വേണ്ടത് അങ്ങനെയാണ് നല്ല യൗവനത്തെ ജനിപ്പിക്കാൻ കഴിയുക സ്നേഹവും കാരുണ്യവും ഭയവുമെല്ലാം നൽകുക. ഇതിൽ ഏതെങ്കിലും പിഴച്ചപ്പോയാൽ അവരും പിഴച്ച പോകും മദ്യത്തിനും മയക്ക മരുന്നിനും മറ്റു പലതിനും അവർ അടിമകളാവും

നമ്മൾ മലയാളികൾക്ക് ഈയടുത്ത് കാഴ്ച വെച്ചത് വൻ ദുരന്തമാണ് പലരും ആ ദുരന്തത്തിൽ ഒലിച്ച പോവുകയും തന്റെ വീടും, എല്ലാം നശിച്ച പോവുകയും ചെയ്തിട്ടുണ്ട് അവരിൽ പാവപ്പെട്ടവരും,ധനികരും ഉൾപ്പെടുന്നുണ്ട് ഈ ദുരന്തങ്ങളും നഷ്ടങ്ങളും മറികടക്കാൻ സഹായിച്ചത് നമ്മുടെ മക്കളാണ് യൗവ്വനക്കാരാണ് .എല്ലാവരും ഉത്സാഹത്തോടെ സഹായിക്കാൻ തയ്യാറായി .ഇങ്ങനെ സഹായിക്കാനുള്ള മനസ്സ് നമ്മുടെ യൗവ്വനക്കാരിൽ പ്രകടനമാണെങ്കിൽ നമ്മൾ വിജയിച്ചിരിക്കുന്നു അതിനു വേണ്ടിയുള്ള സാഹചര്യം ഒരുക്കേണ്ടത് നമ്മളാണ് ഉദാഹരണത്തിന് മക്കളെ സാമൂഹിക പ്രവർത്തനത്തിൽ പ്രവർത്തിക്കുവാൻ അയക്കുക അത് അവരുടെ മനസ്സിന്റെ നന്മയ്ക്കും വളർച്ചയ്ക്കും സഹായിക്കും. ഏത് പ്രതിസന്ധികളും എങ്ങനെയും അവർക്ക് നേരിടാൻ കഴിയും. എന്നാൽ അടിച്ചമർത്തുവാൻ പാടില്ല.

അതവർക്ക് മാനസികമായി ബാധിക്കും മറിച്ച് കരുത്തും വിശ്വാസവും പകർന്ന് നൽകി ഒരു നല്ല സമൂഹത്തെയും ഒരു നല്ല തലമുറയെയും ജീവിപ്പിക്കാൻ കഴിയണം അപ്പോഴാണ് നാം വിജയിക്കുന്നത്. ഒരു നല്ല ഒത്തൊരുമയും സ്നേഹവും വിശ്വാസവും ഒരു മതേതര വിവേജനവുമില്ലാത്ത ഒരു നാടായ് മാറ്റാൻ നമുക്ക് കഴിയണം ഒരു നല്ല യൗവ്വനത്തെ വളർത്തി കൊണ്ട് .

***INNOVATIVE WAYS TO BE ADOPTED IN***

***ENGLISH CLASS ROOM***



MUSTAFA.M

English is the widely used language in today's global market. In Internet the language used is English and moreover all the resources and study materials are available in English. English is now viewed as a tool which assists educational and economic advancement; It is also used for international communication. Proficiency in English is needed for employees to progress in international companies and improve their technical knowledge and skills.

The worldwide demand for English has created an enormous demand for quality language teaching and language teaching materials and resources. The traditional methods of filling up the minds of the children with a lot of information is useless now. The learners sitting passive in the class are not considered good students. Teaching-learning is a bipolar process both the teachers and the students should remain active. The more the activity of the students, the better is the teaching-learning process. Language is learnt quickly if interest is created in it. So the language teacher should make use of different types of aids for this purpose.

In the new era of learning, the role of student is more important than teachers. We need to have interactive teaching and their changing role of education inevitable with the introduction of multi media technology, and the other new trends. Today the government has taken effective  steps to strengthen the quality of education. Innovative techniques are being applied in the classroom to make the teaching-learning process very effective. But sad to say, all these comfortable atmosphere would be effective only if the basic skills like listening,speaking,reading and writing are mastered well.

# പ്രളയത്തിനക്കരെ



മലിനമായ കേരളം
പൊടി പടലയായ കേരളം
ചീത്ത ജനങ്ങൾ വാണിടുന്ന
ദുരന്തമായ കേരളം.
ജാതി മത വിവേചനം
പുലർത്തിടുന്ന കേരളം.
പ്രളയമെന്ന ദുരന്തം വന്ന
കൊണ്ട് മാറിടുന്ന കേരളം
ജാതി മാറി മതം മാറി
ജനങ്ങൾ കൂട്ടമായി നിന്ന കേരളം
പാവപ്പെട്ടവൻ പണക്കാരൻ
ഒരുമിച്ചു നിന്ന കേരളം
മാലിന്യങ്ങൾ ജലത്തിലൂടെ
ഒഴുക്കി വിട്ട കേരളം
ജലത്തിലൂടെ കേരളത്തെ
വിഴുങ്ങിയ പ്രളയവും
പ്രളയം വന്നു വീട്
പോയി,പണം പോയി
വേറിട്ട ദുരിതം അനുഭ
വിച്ച കേരളം
പ്രളയം വന്നു കേരളത്തെ
മോത്തമായി പൊടി തട്ടിയ
കാര്യവും മറന്നു പോകരുതെ ഒരിക്കലും .

## പുസ്തകത്താളുകൾ പോലെ മറഞ്ഞുപോയ കാലം



ബാല്യകാലം ഇന്നുമെന്നുള്ളിൽ
ഒരോർമ്മയായ്.....
അമ്മയുടെ വാത്സല്യവും
അച്ചന്റെ ശാസനയും
കൂടിയിരുന്ന എൻ ബാല്യകാലം
സ്കൂൾപടികളിൽ ആദ്യമായി
ചുവട് വെച്ചപ്പോൾ എൻ
മനമുരുകി....ഉമ്മയുടെ
കൈവിട്ട് പിരിയുമ്പോൾ
എന്റെ കണ്ണുകളിൽ നിന്നും
കണ്ണുനീർ ഉറ്റുകയാണ്
അവിടെ  ഉണ്ടായിരുന്ന കുട്ടികളോട്
ചങ്ങാത്തം കൂടിയപ്പോൾ
എൻ കണ്ണുകളിൽ നിന്നും
ഉറ്റിയ നീരുകൾ വറ്റുകയാണ്
കളിച്ചും ചിരിച്ചും നടന്ന...
ബാല്യകാലം ഇന്നുമെന്നുള്ളിൽ
ഒരോർമയായ്......
സ്കൂൾ ജീവിതം ഓർക്കുമ്പോൾ
എൻ  നെഞ്ച് പിടക്കുന്നു
വരാന്തകളിലൂടെ കൈ പിടിച്ച്
നടന്ന ആ കാലം  ഹൈ
ബാല്യക്കാലം ഒരോർമ്മക്കായ്.



## സുഹൃത്ത് ബന്ധം

എന്റെ ഓരോ ചലനവും
നന്മയിലെത്തിച്ച എൻ സുഹൃത്ത്
എന്റെ ജീവിത സ്വപ്നം എന്റെ സുഹൃത്ത്
സങ്കടം വന്നാൽ കൂടെ നിൽക്കുംസുഹൃത്ത്
സന്തോഷം വന്നാൽ പങ്കിടും സുഹൃത്ത്
എന്റെ സന്തോഷത്തിൻ രഹസ്യം സുഹൃത്ത്

ഏറ്റവും അടുത്ത സുഹൃത്തുക്കൾ
എനിക്ക് ഏറ്റവും വിലപ്പെട്ടതാണ്
എന്റെ വിശ്വാസം എൻ സുഹൃത്ത്
എൻ ജീവിത പടികൾ
സൂക്ഷിച്ച കയറാൻ
പഠിപ്പിച്ച സുഹൃത്ത്
എൻ ഹൃദയ ഭാഷയിൽ
സുഹൃത്തിന് നന്ദി
എൻ പ്രിയമുള്ള സുഹൃത്ത്

# വലിച്ചെറിയപ്പെടുന്നവർ



കഴിഞ്ഞകാലങ്ങളിൽവലിച്ചെറിയപ്പെട്ടിരുന്നത് മാലിന്യങ്ങളായിരുന്നു ഇന്നിമ്മക്കൾ മാതാപിതാക്കളോട് ദയ ഇല്ലാതെ വലിച്ചെറിയപ്പെടുന്നു തെരുവോരങ്ങളിൽ. എന്തിനീ ക്രൂരത നിൻ മാതാപിതാക്കളോട് അവരുടെ ഒരു മിഴിനീർ കണങ്ങൾ ഈ മണ്ണിൽ ഉതിർന്ന് വീണാൽ അനുഭവിക്കും മോനെ നീ നാളെ
ഒരുപാട് ശിക്ഷകൾ ഓർത്തോളി
നിങ്ങളിത് ഇന്നീ മക്കളെ.



# പേമാരി



വാനമേ എന്തിനു നീ ഇരുണ്ട്
കാർകെട്ടിയിരിക്കുന്നു. നിൻ
മിഴികളിൽ  നിറഞ്ഞിരിക്കുന്ന
നീർ  കണങ്ങൾ  ഭൂമിക്ക് സമ്മാനമായി നൽകി
നിനക്ക് എന്തിനിത്ര
സങ്കടം നിന്റെ  പ്രിയങ്കരന്റെ
വിരഹത്തിലാണൊ  നീ  ഭൂമിക്ക്
നൽകിയ മിഴിനീര്  കണങ്ങൾക്ക്
എന്ത്  സൗരഭ്യമായിരുന്നു .

## അടരാത്ത വേരുകളെ...

ജാതി-മത വേലി തകർക്കാം
കരങ്ങൾ ചേർന്ന് ഇരിക്കാം
ഒരുമിക്കാം ഇനി മുന്നേറാം
ഒരേ മതം ചേർന്ന് ഒഴുക്കാം
ഇന്നലകളിലെ സ്വർഗം
ഇന്നോ വെറും ഒരു നരഗം
മതം ചേരാം മുന്നേറാം
സ്നേഹ തീരം തേടി...
പിളർന്ന ഭൂമിയേ ഒന്നിക്കാം
സ്നേഹത്തിൻ വേരുകൾ കോർത്ത്
പല ജാതി ശലഭങ്ങളേ
ഇനി ഒന്നിച്ചു വാനം ഉയരാം
ഇന്നലകളിലെ നഷ്ടം
യഥാർത്ഥത്തിൽ നേട്ടം
മനുഷ്യബദ്ധ ചങ്ങലയുടെ
തിളക്കമാർന്ന വിജയം
അമ്മേ നിൻ കോപം
ഇനി അരുതെ ഈ മണ്ണിൽ
ഒന്നിച്ച് ഉയരാം കരങ്ങൾ
കോർക്കാം... ഇനിപ്രകൃതി സന്താനങ്ങളായി

# ടീനേജ്

യൗവ്വനം എന്ന് പറയുന്നത് ജീവിതത്തിലെ ഒരുപ്രത്യേക ഘട്ടമാണ് . ജീവിതത്തിൽ ഒരോ വഴിത്തിരിവുകൾ ഉണ്ടാവുന്നത് ഈ ഒരു ഘട്ടത്തിലാണ്. മനസ്സിനെ നമുക്ക് കൈകാര്യം ചെയ്യാൻ സാധിക്കാത്ത ഒരു പ്രായമാണിത്. ഒരോ മാറ്റങ്ങൾനമ്മുടെ ജീവിതത്തിൽ സംഭവിക്കുന്നത് മിക്കവാറും ഈ പ്രായത്തിലാണ്. ഒരോ കൂട്ടുകെട്ടുകൾ കാരണം ജീവിതം തന്നെ നഷ്ട്ത്തിലാവുന്ന ഒരു പാട് പേരെ നാം കണ്ടിട്ടുണ്ട്. യൗവ്വന പ്രായത്തിലുള്ളവരെ ഒന്നിനും കൊള്ളാത്തവരായിട്ടാണ് നമ്മുടെ സമൂഹം കാണുന്നത്. യുവാക്കൾ വെറും സാമൂഹിക മാധ്യമങ്ങളുടെ വേലിക്കെട്ടിൽ തളച്ചിരിക്കുകയാണ്. പക്ഷേ അവരെ ഒന്നിനും കൊള്ളാത്തവരായികണക്കാക്കുന്നത് ശരിയല്ല. കാരണം നമ്മൾ ഈ കഴിഞ്ഞ ആഗസറ്റ് മാസത്തിൽ വളരെ ഭയാനകമായ ഒരു പ്രതിസന്ധിയിൽ കൂടെയായിരുന്നു സഞ്ചരിച്ചിരുന്നത്. അന്നത്തെ മഹാപ്രളയത്തിന്റെ രക്ഷാപ്രവർത്തനത്തിന് കേരളത്തിന്




അങ്ങോളംഇങ്ങോളം ഉള്ള യുവാക്കൾ ചുക്കാൻ പിടിച്ചിരിന്നു. നമ്മൾ മറ്റൊരാളെ പറ്റി വിലയിരുത്തുമ്പോൾ വാക്കുകൾ സൂക്ഷിച്ച് ഉപയോഗിക്കണം. കാരണം നമ്മൾ കാണുന്നത് മാത്രമല്ല ശരി. നമ്മൾ കാണാത്ത മറ്റൊരു വശം കുടി എല്ലാ വ്യക്തികൾക്കും ഉണ്ടാവും. യുവാക്കളുടെ കാര്യത്തിൽ തന്നെ ഇത്രയും കാലം  സമൂഹം കുറ്റപ്പെടുത്തിയ യുവാക്കളുടെ ഒരു ഉയർത്തെഴുന്നേൽപ്പാണ് നമുക്ക് ഈ

പ്രളയകാലത്ത് കാണാൻ സാധിച്ചത്. ഊണും ഉറക്കവും ഇല്ലാതെ രാവും പകലും എന്ന വ്യത്യാസം ഇല്ലാതെ  കേരളത്തിന്റെ അതിജീവനത്തിന് വേണ്ടിയും, സഹോദരങ്ങളുടെ ജീവന് വേണ്ടിയും,പോരാടുകയായിരുന്നു. ഇതിൽ നിന്ന് നമുക്ക് മനസ്സിലാക്കാൻ സാധിക്കുന്നത് ഒരാളെയും കുറ്റപ്പെടുത്താൻ പാടില്ല എന്നതാണ്. അവരുടെ മൂല്യംചില പ്രത്യേക സാഹചര്യത്തിലേ മനസ്സിലക്കാൻ സാധിക്കു. അതാണ് യാഥാർത്ഥ്യം മനുഷ്യമൂല്യം നമ്മൾ മനസ്സിലാക്കുന്നത് ഇത് പോലെയുള്ള ഒരോ സന്ദർഭങ്ങളിൽ നിന്നാണ്. യുവാക്കൾ വെറും മയക്കുമരുന്നും മൊബൈൽ ഫോണും നോക്കി സമയം കളയുന്നവർ അല്ല ന്യൂജനറേഷൻ എന്ന് വിശേശിപ്പിക്കുന്ന സന്മനസ്സുള്ളവരും കൂടിയാണ്. ആരെയും ഒരു കാരണത്താൽ കുറ്റപ്പെടുത്തരുത്. പ്രതിസന്ധികൾ അവരെ ഉണർത്താൻ സഹായിക്കും. തീർച്ചയായും നല്ല നാളേക്ക്  വേണ്ടി നമ്മുടെ സമൂഹത്തിന്റെ കൈതാങ്ങായിയുവാക്കൾ ഉണ്ടാവും. എന്ന വാസ്തവം ഈ മഹാപ്രളയം നമ്മെ തെളിയിച്ചു.




# എല്ല് മുറിയെ പണിചെയ്താൽ

മാരിമഴകൾ
നനഞ്ഞേചെറു
വയലുകളൊക്കെ നിറഞ്ഞേ,
പൂട്ടയെരുക്കിപ്പറഞ്ഞേ ചെറുഞാറുകൾ കെട്ടിയെറിഞ്ഞേ
ഓമല,ചെന്തില,മാല ചെറു
കണ്ണമ്മ,കാളി,കറുമ്പി
വന്നു നിരന്നവർ നിന്നേ കെട്ടി
ഞാറെല്ലാം കെട്ടിപ്പകുത്തേ
ഒപ്പത്തിൽ
നാട്ടു കാർണവർ
കുത്തിയെടുത്തു കുനിഞ്ഞേ.

by RASHID.K
9th C

# അസ്തമയം



അരുതെന്നുചൊല്ലുവാൻ
അർഹതയില്ലിവർക്കരുതാത്തതെന്തോ
ചെയ്യുവരാണിവർ എന്നും വഴക്കും പരിഭവം മാത്രവും
സ്വാർഥതയായിരുന്നിവരുടെ ശാന്തത..
സ്വാർഥമാം ചിന്തയിൽ കണ്ണീരു കണ്ടില്ല
കണ്ടിരുന്നാലുമിവർ കണ്ടത് നടച്ചില്ല-
ഒരു വശം സമ്പത്ത് മാടിവിളിക്കുന്നു
മറ്റു വശം കണ്ണീർകണങ്ങൾ വിളിക്കുന്നു
എന്തെന്നിരിക്കും മാനവനാണിവർ
മനസിൽ വിഷപ്പുഴയാവാം ഇവരിലും
ക്ഷണിക്കാതെ വന്നൊരഥിതിയെങ്കിലും
മനുഷ്യരെ ഒന്നായ് ചേർത്തു പിടിച്ചവൻ
മതമേതെന്ന് ചൊല്ലി വഴക്ക് പിടിച്ചില്ല
ജാതിയോ കണ്ടതായ് ഭാവിച്ചില്ലിവർ
ഒന്നായ് കൈപിടിച്ച്മുമ്പോട്ട് യാത്രയായ്
ദു:സ്വപ്നമായ് കഴിഞ്ഞകാലത്തെയവർ
വിഷേശിപ്പിച്ചു വരുംതലമുറക്കായവർ
മുമ്പോട്ട്...നാം ഇന്ന് നാമായ് തിരിച്ച്
വന്നു... ക്രൂരതകൾ ഇന്ന് അസ്ത്മിച്ചു...

# പ്രളയം കവർന്ന നാട്

പ്രളയം കവർന്നൊരു നാട്
എൻ അമ്മ പിറന്നൊരു നാട്
ദൈവത്തിൻ സ്വന്തം നാട്
മാനവരാശിക്കു സ്വപ്നം കാണാൻ
വിധിക്കപ്പെട്ടൊരു നാട്
ഇന്നലെ വന്നൊരു പ്രളയം
ഇന്നിതാ സൃഷ്ടിച്ചിരിക്കുന്നു ഒരുമ
സ്നേഹത്തിൻ ഭാഷ ഒരുമ
ഇന്നലെ നാം കണ്ട നാട് ഒരുമയുടെ
നാട്




നാളുകൾ നാം തള്ളി നീക്കി ഒരു കുടക്കീഴിൽ
നാളിതുവരെ നാം കണ്ടതൊക്കെ പ്രളയം തന്നതോ
ഇതുപോലെയൊരു നാടിനെ
നാം കൊതിച്ചതെപ്പോൾ
ഇന്നിതാ നാം കരയുന്നിതാ ഇന്നലയുടെ ഓർമകളിൽ ജാതിയില്ല
മതമില്ല
മനുഷ്യൻ മാത്രമാ......മനുഷ്യത്വം മാത്രമാ...

## പ്രളയത്തിൽ പൊങ്ങിയ പ്രണയം

എത്ര കാലമെന്നറിയാതെ വേർപിരിഞ്ഞ മനസ്സപോലെയാം
നാം ഇന്ന് ഒരുമിക്കുകയാണിവിടെ അവർ അറിയാതെ
ഞാൻ സിരകൾ മുഴുവൻ ചിന്തയാലകപ്പെട്ടിരിക്കവേ...
ആരു തുണ നിനക്കീ പ്രളയമേ
അവർ എത്തുകയാണീ പ്രളയത്തിൽ രക്ഷകനായി
നാട്ടുകൾ ഓരോന്നായി വെള്ളത്തിൽ കീഴ്പ്പടവേ
അവിടമാം രാജ്യത്തിൽ കരങ്ങൾ തുറന്നീടുന്നു
പുനർജീവിക്കാൻ നാം ഉണ്ണുവേ അവർ ഉണ്ണണം
നാം അണിയവേ അവർ അണിയണം
മാപ്പു ചോദിച്ചീടുന്നു നിന്നോട് ഞാൻ കൈകൂപ്പി.

# വിക്രുവും ദുർബലനും

അങ്കിൾ അറിഞ്ഞോ?വിക്കുണ്ണിക്ക് സ്വീകരണം!
ങേ! അതെന്തിനാ?
എന്തോ ധീരത കാട്ടിയതിന്.
അവൻ ഭീരുവാ,എന്തോന്ന് ധീരത കാട്ടാനാ?
ആ  എനിക്കറിയില്ല
അറിഞ്ഞില്ലേ....വിക്കുണ്ണിയെ ആദരിക്കുന്നു!
എന്തിനാ ആദരിക്കുന്നത്?
താനെവ്വുടുത്തുകാരനാ! അവൻ പുഴയിൽ വീണ ഒരു മുയൽ കുഞ്ഞിനെ
രക്ഷിച്ചില്ലേ...
അങ്ങനെയൊരു സംഭവമുണ്ടായോ?
ഇത്  ഞാനേറ്റെടുക്കും!
ഹി! ഹി! ഇത് കലക്കും
അക്കരെ നിന്ന്  വിക്കുണ്ണിയങ്കിൾ
പാട്ടു പാടി...അതു കേട്ട് പുഴയിൽ വീണതാ!

# ഒരുമയുടെ കുടക്കീഴിൽ

ഇന്നലെ വരെ ഞാൻ കണ്ടതില്ലാത്തൊരാ
മിഴികളെ ഞാനിന്നു കണ്ടു പോയി
പട്ടുമെത്തയിലിന്നുവരെയന്തിയുറങ്ങിയ
ഞാനിന്നു നാലുചുമർക്കെട്ടുകൾക്കുള്ളിൽ
കാതുകളിലന്നു ഗന്ധർവഗാനമെങ്കിലുമിന്നു
കൊതുകിൻ മൂളലുകൾ.
അമ്മതൻ താരാട്ടു കേട്ടുറങ്ങി നേരം പുല
രാൻ നേരമിങ്ങെത്തുന്നതിൻ മുമ്പ്
ദേവേന്ദ്രനേത്രങ്ങൾ നിറഞ്ഞൊഴുകി ഭൂമി
യൊന്നാകയാ കണ്ണീനീരിൽ മുങ്ങി.
ഉദയ സൂര്യനുയരുന്നതിൻ മുമ്പ്തെന്നയെ
ന്നമ്മതൻ ശ്വാസം നിലച്ചു പോയി
കണ്ണനീരിൽ പൊങ്ങിക്കിടക്കുന്നയെന്നെ ആ മീൻകാരൻ
മെല്ലെപ്പിടിച്ചുയർത്തി
പുതിയൊരുലോകമെനികുമുന്നിലിനീചുവരുകൾക്കുള്ളിൽ
മതമില്ല ജാതിയില്ലാപ്പണക്കാരന്നില്ലാ ദരിദ്രനില്ല.
എല്ലാ മനുഷ്യരുമിന്നീ സ്കൂളിൻ മുറികളിൽ
ഒരുമയോടിന്നീകുടക്കീഴിലായ്.............

## സ്വാതന്ത്ര്യദിനാഘോഷങ്ങൾ









# സഹവാസ ക്യാമ്പ്












- LITTILE KITES MUM VHSS

# ശിശു ദിനം




നാഷണൽ സർവ്വീസ് സ്കീം
ഹയർ സെക്കണ്ടറി എഡ്യുക്കേഷൻ ഡിപ്പാർട്ട്മെന്റ്
കേരള ഗവൺമെന്റ്. യൂണിറ്റ് നമ്പർ.NSS/SFU/CLT/HSE/63
വടകര ബീച്ച്.673103, Ph: 0496 2524290



# ക്ലാസ്സ് ലൈബ്രറി


CLASS LIBRARY
Class Library Inauguration
PhotoGrid


CLASS LIBRARY
CLASS LIBRARY
CLASS LIBRARY
CLASS LIBRARY
CLASS LIBRARY
Shakespeare Stories
Rats and Cat
Helen Keller



# കായികോത്സവം






# കേരള പിറവി ദിനം



# ലിറ്റിൽ കൈറ്റ്സ് സബ് ജില്ലയിൽ പങ്കെടുത്തവർ





# ലഹരിക്കെതിരെ...


നിങ്ങളുടെ
ജീവശ്വാസം
വിഷലിപ്തമാ ക്കാതിരിക്കുക
നിങ്ങൾക്ക്വേണ്ടി
സ്പന്ദിക്കുന്ന ഹൃദയത്തെ
രോഗങ്ങൾക്കൊണ്ട് കീഴടക്കാൻ
നിങ്ങൾ അനുവദിക്കുമോ

# ക്രിസ്തുമസ് ആഘോഷങ്ങൾ





# സംസ്ഥാന ശാസ്ത്രോത്സവത്തിൽ വിജയികൾ








# കേരള ക്രിക്കറ്റ് അസോസിയേഷൻ

# കോഴിക്കോട് ജില്ല രണ്ടാം സ്ഥാനം





അബ്ദുറഹിമാൻ.പി.കെ

## പട്ടം പോലെ പറക്കട്ടെ

'

ലിറ്റിൽ കൈറ്റ്സ് 'കൂട്ടുകാർ ഒരു ഡിജിറ്റൽ മാഗസിൻ കുറഞ്ഞ   സമയപരിധിക്കുള്ളിൽ അണിയിച്ചൊരുക്കിയെന്നറിഞ്ഞ് വളരെ സന്തോഷം.വിഭവങ്ങൾ മെച്ചപ്പെട്ടത് തന്നെ. കുട്ടികളാണ്

 അതിന്റെ കാര്യങ്ങൾ പൂർണമായും ചെയ്തത്.

ചെറിയ ഒരു കൈത്താങ്ങ് മാത്രമേ അധ്യാപകർ നൽകിയിട്ടുള്ളൂ.ഭാവിയുടെ

വാഗ്ദാനങ്ങളാണിവർ.

മാഗസിൻ മറിച്ചു നോക്കിയാൽ നമുക്കറിയാം എത്രത്തോളം കഴിവുള്ളവരാണവരെന്ന്

.ഇതൊരു തുടക്കം മാത്രം.പരിചയസമ്പന്നത കൂടി വരുമ്പോൾ വളരെ മികച്ച ഒരു മാഗസിൻ

അവർ തയ്യാറാക്കും തീർച്ച.എല്ലാ ഭാവുകങ്ങളും നേരുന്നു.

# സംഗീതത്തിലെ ദറജപ്പൂ



സംഗീതത്തിന്

അനേകായിരവഴികളുണ്ട്.വളഞ്ഞും,

പുളഞ്ഞും ദേശങ്ങൾ താണ്ടിയും,ഒഴുകിയൊഴുകി

അവസാനം

ആസ്വാദകന്റെ ഹൃദയത്തിൽ അവ തളം

കെട്ടിക്കിടക്കുന്നു.

സാധ്യതകളുടെ ഒരു വലിയ തോട്ടമാണത്.എണ്ണമറ്റ വർണ്ണങ്ങൾ,

അർപ്പണത്തിന്റേയും,സമർപ്പണത്തിന്റെയും വിശാലമായഭൂമിക,

അവിടെ നിന്നാണ് പാട്ട് നിർമ്മിക്കപ്പെടുന്നത്.

സൃഷ്ടിക്കപ്പെട്ട പാട്ടുകളിൽ ഊറിക്കൂടിയകണ്ണീരുണ്ടാവാം.

നീറ്റിതെളിഞ്ഞ കനലുമുണ്ടാവാം.വസന്തവും;ഗ്രീഷ്മവും അകൈതവ

മായി അനുഭവിപ്പിക്കാൻ കഴിയുമ്പോൾ ഒരു പാട്ടുകാരൻ ജയിക്കുന്നു.

മുസ്സക്കയുടെ രചയിലോ, സംഗീതത്തിലോ;പാടിയ പാട്ടിലോ ഏറി

യും;കുറഞ്ഞും ഇദ്ദേഹത്തിന്റെ ജീവിതാനുഭവങ്ങൾ ഇഴകലർന്നിട്ടു

ണ്ടാവും.ശാസ്ത്രീയമായി സംഗീതം അഭ്യസിക്കാത്ത ഇദ്ദേഹം പരിമി

തികളുടെ പെടാപാടിൽ നിന്ന് നൂറുകണക്കിന് പാട്ടുകൾക്ക് സംഗീ

തം നൽകുവാനും;സ്വന്തമായി ആലപിക്കാനുംസാധിച്ചു.കുഞ്ഞുനാളി

ലേ പാട്ടിനെ സ്നേഹിച്ചെങ്കിലും ചുമട്ട് തൊഴിലാളിയായി ജീവിതം

തള്ളി നീക്കുകയായിരുന്നു.

ലോഡ് കയറ്റുകയോ;ഇറക്കുകയോ ചെയ്ത് അവസാനം

ചോര തുപ്പി കുരച് തിരേണ്ട ജീവിതം.... ആ ഇടുങ്ങിയ ജീവിത പരിസരത്തെ വിശാലമായ ഒരാകാശമാക്കി വളർത്തിയത് ഇദ്ദേഹത്തിലെ സംഗീതമായിരുന്നുവെന്ന് ഞങ്ങൾ അന്വേഷിച്ച് മനസ്സിലാക്കിട്ടുണ്ട്.

*സംഗീത വഴിയിൽ എങ്ങനെയായിരുന്നു തുടക്കം?

1957 ൽ തലശ്ശേരി വാദ്യാർ പീടികക്ക് സമീപം ഒരാൾക്കൂട്ടം. ആരോ വിളിച്ച് പറഞ്ഞു ഞമ്മളെ രാഘവൻമാഷ് ;കിന്റൽ ചാക്ക് ചുമന്ന് അവശനായ ഞാൻ രാഘവൻ മാഷുടെ അടുത്ത് ഓടിയെടുത്തു.വാരികയിലൊക്കെ ഫോട്ടോ കാണാറുണ്ട്. രാഘവൻ മാഷല്ലെ ഞാൻ ചോദിച്ചു.ശരി;എന്താ?രാഘവൻ മാഷ് ചോദിച്ചു....

എനിക്ക് ആകാശവാണിയിൽ പാടണം. സംഗീതം പഠിച്ചിട്ടുണ്ടോ?

മാഷിന്റെ ചോദ്യം......ഞാൻ പറഞ്ഞു ഇല്ല. ഏതായാലും ആകാശവാണിയിലേക്ക് കത്തയക്കൂ..വിളിച്ചാൽ പോയി പാടുക...

മാഷ് പറഞ്ഞ പ്രകാരം കത്തയച്ചു.ഉടൻതന്നെ മറുപടിയും വന്നു.

എനിക്ക് വല്ലാത്തൊരു സന്തോഷംഅതിനേക്കാൾ ഏറെ പേടിയും. ടെലിവിഷൻ ഇല്ലാത്ത കാലം.ജനലക്ഷങ്ങൾ റേഡിയോവിന് കാതോർക്കുന്ന കാലം.സംഗീത രംഗത്തെ മൂന്ന് പണ്ഡിതന്മരായിരുന്ന ജഡ്ജിമാർ.ശ്രുതിയെന്തെന്നോ....മധ്യമമേതെന്നോ അറിയാത്ത ഞാൻ ദൈവത്തെ ധ്യാനിച്ച് പാടി.ഒ.വി.അബ്ദുള്ള എഴുതിയ "ഭാവനയിൽ കാണുന്ന നിന്റെ കോമള വദനം"എന്ന ഗാനം ആദ്യവം;എസ്.വി.ഉസ്മാൻ എഴുതി ഞാൻ തന്നെ സംഗീതം നൽകിയ "ഇന്നലെ രാവിലെൻ മാറത്തുറങ്ങിയ പൊൻമണി പൂങ്കുയിലെവിടെ..."എന്ന

ലളിതഗാനവും പാടി.ആകാശവാണി അധികൃതർ വിവരം അറിയിക്കാമെന്ന് പറഞ്ഞ് എന്നെ വിട്ടു.അങ്ങനെ രണ്ടാഴ്ച കത്ത് വന്നു.ലളിതഗാനം ആലപിക്കാൻ തെരഞ്ഞുടുക്കപ്പെട്ടുഎന്നതാണ് കത്തിലെ ഉള്ളടക്കം.സംഗീതരംഗത്ത് എന്റെ പ്രശസ്തിയുടെ തുടക്കമായിരുന്നു ഇത്. *മാപ്പിളപ്പാട്ടിന്റെ സംഗീതസംവിധായകനായാണോ തിളങ്ങിയിട്ടുള്ളത് ?

അല്ല....മഹാന്മാരായ കവികളുടെ നൂറുകണക്കിന് കവിതകൾക്കും;ലളിതഗാനങ്ങൾക്കും ഈണം പകർന്നിട്ടുണ്ട്. ധാരാളം മാപ്പിളപ്പട്ടുകൾക്കും സംഗീതസംവിതാനം നിർവ്വഹിച്ചിട്ടുണ്ട്.

*ആരുടെയൊക്കെ കവിതകളാണ് നിങ്ങൾ സംഗീതം നിർവഹിച്ചതും...ആകാശവാണിയിൽ പാടിയതും. പി.കുഞ്ഞിരാമൻ നായർ, എൻ.എൻ.കക്കാട്,ജി.ശങ്കരക്കുറുപ്പ്,രവീന്ദ്രനാഥ ടാഗോർ,പി.ഭാസ്കരൻ,വി.ടി.കുമാരൻ,തികോടിയൻ,അക്കിത്തം,പൂവ്വച്ചൽ ഖാദർ,തുടങ്ങി നിരവധി കവികളുടെയും ഗാനരചയിതാക്കളുടെയും വരികൾക്ക് സംഗീതം നിർവ്വഹിക്കുവാനും ആകാശവാണിയിൽ പാടാനും അവസരം ലഭിച്ചിട്ടുണ്ട്. മാത്രമല്ല എൻ.എൻ.കക്കാടിന്റെ ഞാൻ പാടിയ ഉണരൂ കവിമാതെ എന്ന ഗാനം ആറുവർഷം നിറുത്താതെ ആകാശവാണി പ്രക്ഷേപണം ചെയ്യുത് ഞാൻ ഇപ്പോഴും ഓർക്കുന്നു.

*അങ്ങ് എത്ര മാപ്പിളപ്പാട്ടുകൾക്ക് സംഗീതം നൽകിയിട്ടുണ്ട് ?എണ്ണം ഓർക്കുനില്ല. ധാരാളം മാപ്പിളപ്പാട്ടുകൾക്ക് സംഗീതം നൽകുകയും,രചന നിർവ്വഹിക്കുകയും_ചെയ്യിട്ടുണ്ട്.

# അധ്യാപനത്തിന്റെ കാവ്യനീതി




ഹമീദ് വിലങ്ങിൽ

സഹസ്രാബ്ദങ്ങൾ പിന്നിടുന്ന

ഗുരു ശിഷ്യ മുഖാമുഖത്തിനുമപ്പുറം
നൂറ്റാണ്ടുകൾക്ക് ദർശനമേകിയ
ക്ലാസ്സ്മുറി പാഠങ്ങൾക്കും മുമ്പ് മനുഷ്യനും മനുഷ്യനും
ആദ്യമായി കണ്ടു മുട്ടിയപ്പോൾ
തുടങ്ങിയതാവാം അധ്യാപനം.


അധ്യാപനത്തിന്റെ ഏടുകളിൽ ഹാബിലിന്റെ ജഡം
ആദം മറമാടുന്നത് കാക്കയെ മാതൃകയാക്കിയാണ്
എന്നത് പ്രകൃതിയുടെ ആദ്യപാഠം ആവാം

ഉല്പത്തിയിൽ തന്നെ ദൈവത്തിന്റെ അധ്യാപന ഏടുകൾ
മനുഷ്യൻ ഏറ്റെടുത്തുവെന്നാണ്
ബൈബിൾ- ഖുർആൻ പ്രമാണങ്ങൾ വെളിപ്പെടുത്തുന്നത്.
'വചനമാണോ ആദ്യം' എന്ന അടിസ്ഥാന ചോദ്യം
ഉത്തരം തേടുന്നതും
ജ്ഞാന മാർഗത്തിന്റെ ഉൾകരുത്തിനെ
പ്രതിഫലിപ്പിച്ച കൊണ്ടാണ്.



അധ്യാപനം ആയിരിക്കാം മനുഷ്യ ജന്മനിയോഗം.

ഏതോരു തൊഴിലിന്റെയും ആത്മാംശം
അധ്യാപനത്തിൽ അന്തർലീനമാണ് .
ചുമട്ടുകാരന്റെ ഭാരവും
വൈദ്യന്റെ ചികിത്സയും
പോലിസിന്റെ ക്രമസമാധാനവും
ജഡ്ജിയുടെ നീതിബോധവും
പട്ടാളക്കാരന്റെ ചിട്ടയും ജാഗ്രതയും
കച്ചവടക്കാരന്റെകണിശതയും
നേഴ്സിന്റെ ശുശ്രൂഷയും
എൻജിനീയറുടെ സാങ്കെതികതയും
ശാസ്ത്രജ്ഞന്റെ
അന്വേഷണാത്മക്തയും
കലകാരന്റെ സർഗപരതയും
സമഞ്ജസമായി സമ്മേളിക്കുമ്പോൾ
**അധ്യാപനം ഒരു കാവ്യ നീതിയായി സാക്ഷാൽക്കരിക്കുന്നു**



-




# INFLUENCE OF SOCIAL MEDIA

To day I would like to write about the topic influence of social media.First I have to tell that what is social media?

I think the word social media refers to the world. Many medias are there in the world. A big suitable example is mobile phone its very useful and at the same time dangerous for us. But many thing in the mobile phone is useful to this generation . I think its useful to the world very much. But this new generation

students are not thinking about any thing. So their brain is not working as before.

Present society is very much influenced by media. In old generation there were no

internet, google anything else to their help. Only the news paper todays life we are very lucky for this social influences that we have too old generation people

knew news by the news paper only. And the mass media like radio television is useful,through radio also the people heard the news report .

Thorough the films many small students lose their life, because of the problem of the alcohollove failure and many things that they are seeing in the television. Others social media .

In this world if there is no social media it will be difficult for us to live is this world. New generation students use this internet is dangerous way also

I think it is because of the peoples way of thinking they think very dangerous shy they watch many films and see the bad scenes is those films. That effect the
peoples behavior. Do not thing wrongly. Where they have any problem they solve
with internet. Even the small babys know what is the setting of a mobile phone when they eat the food they want the mobile phone. It is also helpful us?

We know many information by the internet. Internet is the main mass media.I think internet helpful us very much. What we wanted that internet will give. In google we search anything on the spot we get that. So the socialmedia is good and bad our health and life.

BURAIDHA.A.K 9th B

-

# THANK YOU GOD

I am enjoying
Journey through the sea
With my friends
And relatives.
I am going
Through the sea
I am looking
To a large shark.
Oh sea!
What a Beautiful you are!
The colourful plauts are
Changing you to a princess
Oh God
I am thankful to you!
For making one
As aa fish
In this sea!

BY SHAHDHA.N.V 8th B

-

# A JOURNEY THROUGH THE SEA

Now i am in the bus
Peeping out in the window
I can hear the songs
That sea singing for me
By waves....
How sweet was that song
It's stolen my leaden heart
Crabs,fishes are welcoming me
But I am not allow to sun to go
But it has gone
The crabs and fishers are crawling to the sea
I request them to don't go
But it has gone
The corals,the garden of sea Are smiling at me
I smiled too
Suddenly it became very less shining
Oh now it is disappeared
So it also has gone
Now i am lovely
I am lovely

BY MINHA MUSTHAFA 7th A

# Little KITE MEMBERS

Member Details 2017-19

| Sl no | Admn.No | Name | DOB | Phone |
|---|---|---|---|---|
| 1 | 18572 | ASHFINA KANHAYI | 28 Sep 2003 | |
| 2 | 18591 | RASHID V | 22 Sep 2003 | 2512353 |
| 3 | 18625 | FATHIMATHUL SHARJANA | 27 Dec 2004 | 9947958968 |
| 4 | 18659 | JESMINA V M | 06 Jun 2005 | |
| 5 | 18661 | MUHAMMED SHAHIN | 26 May 2004 | |
| 6 | 18666 | MUHAMMED RIFAN C K | 25 Feb 2005 | |
| 7 | 18670 | MUHAMMED ASLAM | 15 Mar 2005 | |
| 8 | 18674 | ABDUL BASITH T M | 07 Jul 2004 | 9961214434 |
| 9 | 18681 | MUHAMMED ANAS M | 06 Jun 2004 | 9447446407 |
| 10 | 18692 | MUHAMMED ADIL P P | 29 May 2004 | |
| 11 | 18697 | SAIFALI KP | 30 Jan 2004 | 9744507506 |
| 12 | 18704 | NASIL T | 29 Mar 2005 | 9946712450 |
| 13 | 18713 | MUHAMMED RASHID.K | 21 May 2005 | |
| 14 | 18717 | SHAISTHA K K | 22 Dec 2004 | |
| 15 | 18725 | FATHIMA KK | 20 Jun 2004 | |
| 16 | 18726 | AYSHA SHABIN | 23 Feb 2004 | |
| 17 | 18750 | MUHAMMED NASMAL A | 25 Oct 2004 | 8086807824 |
| 18 | 18753 | NOSHIBA K T | 29 Jan 2005 | |
| 19 | 18764 | MUHAMMED IRFAN T P | 22 Jan 2004 | |
| 20 | 18767 | SHAFANA PARVEEN U | 24 Nov 2003 | 9946879585 |
| 21 | 18783 | AYISHA SUBAIR | 10 May 2004 | 9526409106 |
| 22 | 18784 | MUHAMMED NAJI | 15 Oct 2003 | |
| 23 | 18795 | FATHIMATHULFIDHA.M.P | 01 May 2005 | |
| 24 | 18807 | FATHIMATHUL HIBA | 18 Apr 2004 | |
| 25 | 18818 | MUHAMMED SHAHOOD PP | 13 May 2004 | |
| 26 | 18852 | ZANHA RIYAS | 08 Aug 2004 | 9539101433 |
| 27 | 18859 | MINHA P M | 24 Apr 2004 | |
| 28 | 19177 | MUHAMMED FARHAN U | 07 Feb 2004 | |
| 29 | 19332 | FINAS | 27 Mar 2004 | |
| 30 | 19352 | FATH A SAMFORDH JABIN | 29 Nov 2004 | |
| 31 | 19650 | FATHIMATHUL RAFEENA K K | 13 Sep 2004 | 9961902061 |
| 32 | 19670 | NIHAD T | 16 Mar 2004 | 9846230582 |
| 33 | 19693 | RIFA AMEER | 11 Mar 2004 | 04962526570 |
| 34 | 19743 | MOHAMMED ADNAN | 13 Mar 2004 | 9539253401 |
| 35 | 19755 | MOHAMED SHIFAN K | 28 May 2005 | |

Member Details 2017-19

| Sl no | Admn.No | Name | DOB | Phone |
|---|---|---|---|---|
| 36 | 19760 | MUHAMMEDSAHOOD | 21 Apr 2004 | 8086372062 |
| 37 | 19906 | MUHAMMED SHEES BISHARAH | 05 Feb 2004 | |
| 38 | 19921 | JAFAR BIN MUHAMMAD RAFI | 16 Jun 2003 | |
| 39 | 19925 | MOHSIN UMMAR | 04 Jul 2004 | 8943742428 |
| 40 | 20280 | JAMSHEER T K | 11 Mar 2004 | 8642176812 |

## *നന്ദി പൂർവ്വം*

പൊതുവിദ്യാഭ്യാസ രംഗത്ത് കേരളം എന്നും ഇന്ത്യക്ക് മാതൃകയായിരുന്ന നവ സങ്കേതിക വിദ്യ പൂർണ്ണാമായും ഉപയോഗിച്ച് പഠനവും അധ്യാപനവും കാര്യക്ഷമമാക്കാൻ കഴിയുന്ന എന്ന് ബോധ്യമാകുന്ന ഘട്ടത്തിൽ 'അതീജീവനം' നിങ്ങൾക്കായി സമർപ്പിക്കുന്നു. വിവരസങ്കേതിക വിദ്യയുടെ വിഹായസ്സിലേക്ക് പറന്നുയരുന്ന നമ്മുടെ കുട്ടികളെ അനുഗ്രഹിക്കുക പ്രോത്സാഹിപ്പിക്കുക. ഐ.ടി മേഖലയിൽ അവർ സ്വയാത്തമാക്കിയ വിജ്ഞാനം പരിമിധികൾക്കളിൽ നിന്നു കൊണ്ട് ഉപയോഗപ്പെടുത്തിട്ടുണ്ട്.അഭിപ്രായങ്ങളും നിർദ്ദേശങ്ങളും സ്വാഗതം ചെയുന്നു.പ്രതിക്ഷയോടെ...





**സജിന .എം.ടി**

**(കൈറ്റ് മിസ്റ്ററസ്)**

**നൗഫൽ.വി.കെ**

**(കൈറ്റ് മാസ്റ്റർ)**